**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 34**
**10.12.2012 ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

ചോദ്യം
**ശ്രീ. എം.എ.ബേബി**

ഉത്തരം
**ശ്രീ. ഉമ്മൻചാണ്ടി**
**ബഹു.മുഖ്യമന്ത്രി**

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി നിയമമാക്കുമ്പോൾ വരുത്തേണ്ടുന്ന മാറ്റങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്; | പങ്കാളിത്ത പെൻഷൻ പദ്ധതി നിയമമാക്കുമ്പോൾ വരുത്തേണ്ടുന്ന മാറ്റങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. |
| (ബി) | ജീവനക്കാരുടെ സംഘടനകൾ ഇതിനായി എന്തെല്ലാം നിർദ്ദേശങ്ങൾ വച്ചിരുന്നു; അവയെല്ലാം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് ജീവനക്കാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടത് GPF നിലനിർത്തണം എന്നതായിരുന്നു. ഇത് സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. രണ്ടാമതായി ജീവനക്കാരുടെ വിഹിതം എവിടെ നിക്ഷേപിക്കണമെന്നുള്ളതിന്മേൽ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം എന്നുളളതാണ്. ഇതിന്റെ വ്യക്തതയ്ക്കായി PFRDA യുമായി കത്തിടപാട് നടത്തിയിട്ടുണ്ട്. ചില സംഘടനകൾ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കരുത് എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇതു കൂടാതെ മറ്റ് നിർദ്ദേശങ്ങളിന്മേൽ സംഘടനകളുമായുള്ള ചർച്ചയിൽ |

| | | |
|---|---|---|
| | | വ്യക്തത വരുത്തിയിട്ടുണ്ട് പശ്ചിമ ബംഗാൾ, ത്രിപുര ഒഴികെയുള്ള സംസ്ഥാനങ്ങളിലും കേന്ദ്ര ഗവൺമെന്റിലും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ നിന്നും പിന്നോട്ടു പോകണമെന്ന ജീവനക്കാരുടെ ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ല. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ എന്തെല്ലാം ഉറപ്പുകളാണ് ലഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ; | പശ്ചിമ ബംഗാൾ, ത്രിപുര ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഗവൺ-മെന്റിലും നടപ്പിലാക്കിക്കഴിഞ്ഞ ഈ പദ്ധതിയിൽ ദേശീയ തലത്തിൽ മാത്രമേ മാറ്റങ്ങൾ വരുത്തുവാൻ കഴിയുകയുള്ളൂ. |
| (ഡി) | സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെങ്കിലും കേന്ദ്ര സർക്കാർ അംഗീകരിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | |

Vijayasree

സെക്ഷൻ ഓഫീസർ